# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. * 337 21/06/2019-ൽ മറുപടിക്ക്

### ഡാമുകളിലെ ജലനിരപ്പ് നിയന്ത്രണം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.ഐ.സി.ബാലകൃഷ്ണൻ**<br>**,, പി.ടി. തോമസ്**<br>**,, വി.ഡി.സതീശൻ** | | ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
| (എ) | വൈദ്യുതി ബോർഡിന്റെ നിയന്ത്രണത്തിലുള്ള ഡാമുകളിലെ ജലനിരപ്പ് നിയന്ത്രിക്കുവാൻ പുതിയ നിബന്ധനകൾ രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഉണ്ട്.<br>ഡാമുകളുടെയും താഴ്വാരങ്ങളിലെ ജനങ്ങളുടെയും സുരക്ഷിതത്വം ഉറപ്പവരുത്തുന്നതിനുള്ള നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടാണ് വൈദ്യുതി ബോർഡ് പ്രവൃത്തിച്ചു വരുന്നത്. ഈ നടപടി ക്രമങ്ങൾ പുതുക്കുകയും ഡാമുകൾ തുറക്കുന്നതുമായി ബന്ധപ്പെട്ട മുന്നറിയിപ്പുകൾ സംബന്ധിച്ച് പുതുക്കി നിശ്ചയിക്കുകയും ചെയ്തുകൊണ്ട് 1-8-2018-ൽ കെ.എസ്.ഇ.ബി.എൽ ഉത്തരവ് പുറപ്പെടുവിപ്പിക്കുകയുണ്ടായി. കെ.എസ്.ഇ. ബി-എൽ ന്റെ പ്രധാന ജലസംഭരണികളായ ഇടുക്കി, ഇടമലയാർ, കക്കി, ബാണാസുരസാഗർ, ഷോളയാർ എന്നിവിടങ്ങളിലെ ഡാമുകളിലെ ജലവിതാനം, നീരൊഴുക്കിന്റെ അളവുകൾ എന്നിവ കണക്കിലെടുത്തു കൊണ്ട് ഡാം ഓപ്പറേഷനുകൾ ക്രമീകരിക്കുന്നതിനുള്ള റൂൾ കർവുകൾ തയ്യാറാക്കി കേന്ദ്ര ജലകമ്മീഷന് സമർപ്പിക്കുകയും, അവിടുന്ന് ലഭിച്ച നിർദ്ദേശങ്ങൾ കൂടി കണക്കിലെടുത്ത് കെ.എസ്.ഇ. ബി-എൽ റൂൾ കർവ്വ് പുതുക്കി തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | കഴിഞ്ഞ പ്രളയകാലത്ത് ഡാമുകൾ മുന്നറിയിപ്പില്ലാതെ തുറന്നത് പ്രളയത്തിന്റെ തീവ്രത കൂട്ടിയെന്ന ആക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണോ പുതിയ നിബന്ധന രൂപീകരിച്ചിട്ടുള്ളത്; | (ബി) | അല്ല. പ്രളയകാലത്ത് ഡാമുകൾ മുന്നറിയിപ്പില്ലാതെ തുറന്നിട്ടില്ല. റൂൾ കർവുകൾ തയ്യാറാക്കിയിട്ടുള്ളത് അധിക സുരക്ഷിതത്വം ഉറപ്പവരുത്തുന്നതിനാണ്. |
| (സി) | വിവിധ ഡാമുകളിലെ ജലവിതാനം നിയന്ത്രിക്കുന്നത് കാലാവസ്ഥ നിരീക്ഷണ വകുപ്പിന്റെ മുന്നറിയിപ്പുകളുടെയും ദുരന്ത നിവാരണ അതോറിറ്റിയുടെ നിർദ്ദേശത്തിന്റെയും അടിസ്ഥാനത്തിലായിരിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ; | (സി) | കാലാവസ്ഥാനിരീക്ഷണ വകുപ്പിന്റെ മുന്നറിയിപ്പുകളും ദുരന്തനിവാരണ അതോറിറ്റിയുടെ നിർദ്ദേശങ്ങളും കൂടി കണക്കിലെടുത്ത് കൃത്യമായ നടപടിക്രമങ്ങളുടെ അടിസ്ഥാനത്തിലാണ് കെ.എസ്.ഇ.ബി.എൽ- ന്റെ ഡാമുകളുടെ ഓപ്പറേഷനുകൾ നടത്തിവരുന്നത്. |

| | | | |
|---|---|---|---|
| (ഡി) | വൈദ്യുതി ബോർഡിന്റെ കീഴിലുള്ള ഡാമുകളുടെ എമർജൻസി ആക്ഷൻ പ്ലാൻ കേന്ദ്ര ജല കമ്മീഷന് സമർപ്പിച്ചിട്ടുണ്ടോ; ജലകമ്മീഷൻ ആയത് അംഗീകരിച്ച് നൽകിയിട്ടുണ്ടോ എന്ന് അറിയിക്കാമോ? | (ഡി) | ഉണ്ട്. കെ.എസ്.ഇ.ബി.എൽ-ന്റെ കീഴിലുള്ള 21 ഡാമുകളുടെ എമർജൻസി ആക്ഷൻ പ്ലാനുകൾക്ക് കേന്ദ്ര ജലകമ്മീഷന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ